


# ചെമ്മീൻകൃഷി:
# യുവജനങ്ങൾക്ക തൊഴിലവസരങ്ങൾ

ആയിരത്തിത്തൊള്ളായിരത്തി എൺപത്തഞ്ചാമാണ്ട് അന്താരാഷ്ട്ര യുവജന വർഷമായി ആചരിക്കുകയാണ്. യുവ ശക്തിയുടെ മാഹാത്മ്യത്തെ വിലയിരുത്തുകയും അതു വികസിപ്പിച്ചെടുക്കാനുള്ള മാർഗങ്ങളാരായുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.

ഇൻഡ്യയിലെ യുവശക്തിയുടെ സിരാകേന്ദ്രമായ ഗ്രാമങ്ങളിൽ യുവജനങ്ങളുടെ എണ്ണം ഇരുപത്തഞ്ചുകോടിയിലധികം വരും. ഗ്രാമങ്ങളിൽ ഇവർക്കുള്ള സ്ഥാനം കുറച്ചൊന്നുമല്ല. ദൈനംദിന ജീവിതത്തിലെന്നല്ല, മറ്റെല്ലാ പുരോഗമന പരിപാടികളിലും തീരുമാനങ്ങളെടുക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്ന കാര്യത്തിൽ യുവജനങ്ങൾ മുഖ്യമായ പങ്കാണ് വഹിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ച യുവജനങ്ങളിൽ കൂടിവേണം സാക്ഷാതക്കരിക്കാൻ.

സ്വതന്ത്ര ഭാരതത്തിൽ ഗ്രാമവികസനത്തിനാണ് മുൻതൂക്കം നൽകിവരുന്നത്. മുൻകാലങ്ങളെയപേക്ഷിച്ച് ഇന്നത്തെ ഗ്രാമാന്തരീക്ഷം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. എങ്കിലും തൊഴിലില്ലായ്മയും അതോടനുബന്ധിച്ചുള്ള സാമ്പത്തിക പ്രശ്നങ്ങളും ഗ്രാമീണ ജനങ്ങളെ വളരെയധികം അലട്ടുന്ന പ്രശ്നങ്ങളായി തുടരുകയാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും അതോടൊപ്പം യുവജനങ്ങളിൽ അന്തർലീനമായ ശക്തിയും ചാതുര്യവും വേണ്ടരീതിയിൽ ശരിയായ മാർഗങ്ങളിലൂടെ വികസിപ്പിച്ചെടുക്കാൻ സാധിക്കാതെ വന്നിട്ടുള്ളതുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

'നിഷ്ക്രിയന്റെ മനസ്സ് ചെകുത്താന്റെ പണിപ്പുര' പോലെയാകും എന്നൊരു പഴഞ്ചൊല്ലുണ്ട്. ഊർജ്ജസ്വലരും തൊഴിൽ രഹിതരുമായ ചെറുപ്പക്കാരുടെ കാര്യത്തിൽ ഇതു വളരെ അർത്ഥവത്താണ്. യുവജനങ്ങൾ അക്ഷമരും തൊഴിലിനുവേണ്ടി ദാഹിക്കുന്നവരുമായിരിക്കും. അവർ തൊഴിൽരഹിതരായി തുടർന്നാൽ വഴിതെറ്റിപ്പോകാനും അതുവഴി വീടിനും സമൂഹത്തിനും രാജ്യത്തിനു പൊതുവേയും ദോഷകരമായ സ്ഥിതിവിശേഷം ഉണ്ടാകാനുമിടയാകും.

ചെറുപ്പക്കാർ അധികപങ്കും തൊഴിലന്വേഷിച്ച് പട്ടണങ്ങളിലേക്കു കുടിയേറാനാണ് താൽപര്യം കാണിച്ചുവരുന്നത്. അതുമൂലം നേതൃത്വം വഹിക്കാൻ പ്രാപ്തരായ പലരേയും ഗ്രാമങ്ങൾക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, തൊഴിലവസരങ്ങൾ തേടി പട്ടണങ്ങളിൽ പോകാനും പണ

## തൊഴിലവസരങ്ങൾ

ചെമ്മീൻ വളർത്തലിൽ ചെറുപ്പക്കാർക്കുള്ള തൊഴിലവസരങ്ങൾ നിരവധിയാണ്. സ്വന്തമായി സ്ഥലമുള്ളവർക്കും സ്ഥലമില്ലായെങ്കിലും നിലം പാട്ടത്തിനെടുത്ത് കൃഷി നടത്താൻ പണമുള്ളവർക്കും കൃഷി വിജ്ഞാന കേന്ദ്രത്തിലെ പരിശീലനം കഴിഞ്ഞ് ചെമ്മീൻ വളർത്തലിലേർപ്പെടാം. കേരളത്തിൽ ചെമ്മീൻ വളർത്താൻ പറ്റിയ 1,21,000 ഹെക്ടർ സ്ഥലമുണ്ടെങ്കിലും ഇതിൽ 5100 ഹെക്ടർ സ്ഥലം മാത്രമേ ഇപ്പോൾ ഉപയോഗിക്കപ്പെടുന്നുള്ളു.

### നിലമൊരുക്കൽ

സ്വന്തമായി നിലമോ നിലം പാട്ടത്തിനെടുക്കാൻ പണമോ ഇല്ലാത്ത കായികശേഷിയുള്ള ചെറുപ്പക്കാർക്ക് കർഷകത്തൊഴിലാളികളായി ചെമ്മീൻ കൃഷി രംഗത്തു പ്രവർത്തിക്കാവുന്നതാണ്. ചെമ്മീൻ വളർത്തലിന്റെ പ്രാരംഭഘട്ടമായ നിലമൊരുക്കൽ പണിയിൽ കർഷകത്തൊഴിലാളികൾക്കു ചെയ്യാൻ പറ്റിയ ജോലികളാണ്, നിലത്തിൽ വെള്ളം കയറ്റിയിറക്കാനുള്ള തൂമ്പുറപ്പിക്കുക, ചിറകളിലുള്ള വിള്ളലുകളും, ദ്വാരങ്ങളുമടച്ച് ചിറ ബലപ്പെടുത്തുക, നിലത്തിന്റെ അടിത്തട്ടിൽ ചാലുകൾ കീറുക തുടങ്ങിയവ. തൂമ്പുണ്ടാക്കുന്നതുപോലെതന്നെ അതു നിലത്തിലുറപ്പിക്കുന്ന പണിയും ഒരു വിദഗ്ധ തൊഴിലാണ്. ഇപ്പോഴിത്തരം പണി ചെയ്യാനറിയാവുന്നവരെല്ലാം മദ്ധ്യവയസ്ക്കരോ വളരെ പ്രായം ചെന്നവരോ ആണ്. അതും വളരെ കുറച്ചുപേർമാത്രം.

ചെമ്മീൻ കുഞ്ഞുങ്ങളെ നിലത്തിലിടുന്നതിനു മുമ്പായി അതിലുള്ള മൽസ്യങ്ങളേയും മറ്റു ജന്തുക്കളേയുമെല്ലാം നശിപ്പിക്കണമല്ലോ. ഈ പണിയും വൈദഗ്ധ്യമാവശ്യമുള്ളതാണ്. പൂർണ്ണമായും വറ്റിക്കാൻ പറ്റിയ നിലമാണെങ്കിൽ പഴയരീതിതിൽ ചക്രംചവിട്ടിയോ, പമ്പുസെറ്റുപയോഗിച്ചോ വെള്ളം വറ്റിച്ചാണ് ജീവികളെയെല്ലാം പിടിച്ചു മാറ്റുന്നത്. ഇന്നു മിക്ക സ്ഥലങ്ങളിലും, പമ്പുസെറ്റാണുപയോഗിക്കുന്നത്. പമ്പുസെറ്റു പ്രവർത്തിപ്പിക്കാനുള്ള പരിചയം കിട്ടിയാൽ ഈ സാഹചര്യത്തിൽ വളരെ പ്രയോജനപ്പെടും. പമ്പുസെറ്റു പ്രവർത്തിപ്പിക്കാനും അതിന്റെ ചില്ലറ അറ്റകുറ്റപ്പണികൾ നടത്താനും അറിയാവുന്നവർക്ക് തൊഴിലവസരം കിട്ടും. വെള്ളം വറ്റിക്കാൻ സാധിക്കാത്ത നിലങ്ങളിലെ ജന്തുക്കളെ നശിപ്പിക്കുന്നത് ഇലിപ്പപ്പിണ്ണാക്കു പൊടിച്ചു കലക്കിയോ അമോണിയാ പ്രയോഗം നടത്തിയോ ആണ്. ഈ തൊഴിലിൽ പരിശീലനം നേടിയാൽ നിലത്തിലെ ക്ഷുദ്ര ജീവികളെ നശിപ്പിക്കാനുള്ള ഒരു തൊഴിൽ മേഖല തന്നെ സൃഷ്ടിക്കാവുന്നതാണ്. ഉദാഹരണമായി, എഫ്. എ. സി. റ്റിയിൽ നിന്ന് അമോണിയ വിലയ്ക്കു വാങ്ങിയോ ഇലിപ്പപ്പിണ്ണാക്കു കിട്ടുന്ന സ്ഥലങ്ങളിൽ നിന്ന് അതു വാങ്ങിയോ കൃഷിക്കാരന്റെ സ്ഥലത്തു കൊണ്ടുപോയി ഒരു കോൺട്രാക്ടടിസ്ഥാനത്തിൽ പണിചെയ്തു കൊടുക്കാവുന്നതാണ്. ഒറ്റയ്ക്കിതു ചെയ്യാൻ ബുദ്ധിമുട്ടായതുകൊണ്ട് കുറച്ചുപേർ ചേർന്ന് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാവുന്നതാണ്.

## ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിക്കൽ

നിലമൊരുക്കിക്കഴിഞ്ഞാൽ അടുത്ത പണി ചെമ്മീൻ കുഞ്ഞുങ്ങളെ സംഭരിക്കലാണ്. ചെമ്മീൻ കുഞ്ഞുങ്ങളെ കടലിൽനിന്നോ കായൽ പ്രദേശങ്ങളിൽ നിന്നോ ശേഖരിച്ചെടുക്കുകയോ ഹാച്ചറികളിൽനിന്നു വാങ്ങുകയോ ചെയ്യാം. ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് ഇനംതിരിച്ചെടുക്കാനുള്ള പരിശീലനം കൃഷിവിജ്ഞാന കേന്ദ്രത്തിൽ കൊടുക്കുന്നുണ്ട്. പരിശീലനം കഴിഞ്ഞാൽ ഈ തൊഴിലിൽ ഏർപ്പെടാവുന്നതാണ്. ഒരാൾക്ക് ഒറ്റയ്ക്കു ചെയ്യാൻ സാധിക്കുന്ന തൊഴിലല്ലായിത്. കുറഞ്ഞ പക്ഷം മൂന്നു പേരെങ്കിലും വേണം. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ പലരും എട്ടും പത്തും പേരടങ്ങുന്ന ചെറു സംഘങ്ങളായിട്ടാണു പ്രവർത്തിച്ചുവരുന്നത്. ഇവരിൽ പരിശീലനം കഴിഞ്ഞ കർഷക സ്ത്രീകളും ഉൾപ്പെടും. പഴയ രീതിയിലുള്ള ചെമ്മീൻ കെട്ടു സമ്പ്രദായത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ പിടിച്ചിട്ടു വളർത്തുന്ന ഏർപ്പാടില്ലാതിരുന്നതിനാൽ മുൻകാലങ്ങളിൽ, വളർന്ന ചെമ്മീൻ പിടിച്ചെടുക്കുന്ന പണിയൊഴിച്ചാൽ പിന്നെ കാര്യമായ തൊഴിലവസരങ്ങളൊന്നും സ്ത്രീകൾക്കു കിട്ടിയിരുന്നില്ല. ശാസ്ത്രീയരീതി നടപ്പാക്കുമ്പോഴാണല്ലോ കുഞ്ഞുങ്ങളെ പ്രത്യേകം ശേഖരിച്ചെടുക്കേണ്ട ആവശ്യമുദിക്കുന്നത്. ചെമ്മീൻകെട്ടിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്താനായി കെട്ടുനടത്തുന്നതോടൊപ്പം നിലത്തിൽ നാരന്റെയോ കാരയുടെയോ കുഞ്ഞുങ്ങളേയും ശേഖരിച്ചു വളർത്തുന്ന രീതിയും പ്രചാരത്തിലായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ചെമ്മീൻ കുഞ്ഞുങ്ങളെപിടിച്ചു വിൽക്കുന്ന പണിയിൽ തൽപരരായ കർഷക സ്ത്രീകൾ പരിശീലനത്തിനായി എത്തിക്കൊണ്ടിരിക്കുന്നത്. ചെമ്മീൻ കുഞ്ഞുങ്ങളെപിടിച്ച് കൃഷി സ്ഥലത്തെത്തിക്കുമ്പോൾ നാരൻ കുഞ്ഞുങ്ങൾക്ക് ആയിരത്തിന് 15 മുതൽ 20 രൂപ വരെ പ്രതിഫലം കിട്ടും. കഴിഞ്ഞ വർഷം ഇങ്ങനെ ലക്ഷക്കണക്കിനു കുഞ്ഞുങ്ങളെ ശേഖരിച്ചു വിതരണം ചെയ്ത ചെറു സംഘങ്ങൾ വൈപ്പിൻകരയിലും സമീപ പ്രദേശങ്ങളിലുമുണ്ട്. ഈ മേഖലയിൽ തൊഴിലവസരം ഏറ്റവും കൂടുതലുള്ളത് നവമ്പർ മുതൽ മാർച്ചുവരെയാണ്.

### വിളസംരക്ഷണം

പുതിയ തൊഴിലവസരങ്ങളുള്ള മറ്റൊരു ഘട്ടമാണ് വിള സംരക്ഷണം. ചെമ്മീനിന്റെ വളർച്ചയ്ക്ക് പ്രതികൂലമായ രീതിയിൽവെള്ളത്തിന്റെ ഭൗതിക-രാസഗുണങ്ങൾക്കു വ്യതിയാനമുണ്ടാകാതെ സൂക്ഷിക്കുക, വെള്ളത്തിന്റെ ഏറ്റയിറക്കം നിയന്ത്രിക്കുക, വേനൽക്കാലത്തു വെള്ളം വളരെ കുറയുമ്പോഴോ, വെള്ളപ്പൊക്കമുണ്ടാകുമ്പോഴോ അടിയന്തരമായി ചെയ്യേണ്ട സംഗതികൾ ശ്രദ്ധിക്കുക, തൂമ്പും പരിസരവും പരിരക്ഷിക്കുക, ചെമ്മീൻ മോഷണം പോകാതെ സൂക്ഷിക്കുക, കൂടെക്കൂടെ അവയുടെ വളർച്ചാ പരിശോധന നടത്തുക എന്നിങ്ങനെയുള്ള വിവിധ ചുമതലകളാണ് വിള സംരക്ഷണത്തിൽ ഉൾപ്പെടുന്നത്. കൃഷി വിജ്ഞാന കേന്ദ്രത്തിൽനിന്നും പരിശീലനം നേടിയ പല ചെറുപ്പക്കാരും ഇത്തരം പണികൾക്കായി സർക്കാർ ഉടമയിലുള്ളതും സ്വകാര്യ ഉടമയിലുള്ളതുമായ ചെമ്മീൻ വളർത്തു കേന്ദ്രങ്ങളിൽ നിയമിതരായിട്ടുണ്ട്.

## വിളവെടുപ്പ്

വിളവെടുപ്പു പണിയും നല്ലൊരു തൊഴിൽ രംഗമാണ്. വിളവെടുപ്പിന് പലതരം മൽസ്യബന്ധന മാർഗങ്ങൾ സ്വീകരിക്കാറുണ്ട്. ഇത്തരം ഓരോ രീതിയിലും നല്ല പരിചയം ഉള്ള ആളിന് വിളവെടുപ്പുകാലത്ത് ഇഷ്ടാനുസരണം തൊഴിലവസരങ്ങൾ കിട്ടും. ഓരോരുത്തരും പിടിക്കുന്ന ചെമ്മീനിന്റെ മൂന്നിലൊന്നു ഭാഗം വരെ ചിലയവസരങ്ങളിൽ കൂലിയിനത്തിൽ കിട്ടാറുണ്ട്.

## വികസനസാദ്ധ്യതകൾ

ചുരുക്കിപ്പറഞ്ഞാൽ. വിപുലമായ തൊഴിൽ സാദ്ധ്യതകളുള്ള ഒരു മേഖലയാണ് ചെമ്മീൻ വളർത്തൽ. ഇതിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെ മുൻനിർത്തി കേരളാഗവൺമെൻറും അടുത്ത കാലത്തായി ചെമ്മീൻ വളർത്തലിന് വമ്പിച്ച പ്രോൽസാഹനമാണ് നൽകിവരുന്നത്. ചെമ്മീൻ കൃഷിക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകാനുള്ള സംവിധാനവും പല ദേശസാൽകൃത ബാങ്കുകളും ഏർപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാടിന്റെ ജലസമ്പത്തും കായികശേഷിയും പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഇത്തരം നടപടികൾകൊണ്ടുദ്ദേശിക്കുന്നത്. തൊഴിൽ പരിശീലനത്തിനു പുറമേ ചെറുപ്പക്കാരുടെയിടയിൽ പൗരധർമ്മബോധവും പൊതുജനാരോഗ്യബോധവും വളർത്താനും കാലാകാലങ്ങളിൽ ഗവൺമെൻറു നടപ്പാക്കി വരുന്ന ആനുകൂല്യങ്ങളെപ്പററിയും മററു വികസന പ്രവർത്തനങ്ങളെപ്പററിയും അവരെ ബോധവാന്മാരാക്കാനുമുതകുന്ന തരത്തിലുള്ള സിനിമാ പ്രദർശനങ്ങളും ചർച്ചാക്ലാസുകളും കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്താറുണ്ട്.

നല്ല രീതിയിലുള്ള തൊഴിൽ വിദ്യാഭ്യാസവും സാംസ്ക്കാരിക ബോധവും നൽകി, നേതൃത്വമില്ലാതെ അലസരായി കഴിയേണ്ടിവരുന്ന ഗ്രാമീണ ജനതയെ സ്വയം പര്യാപ്തരാക്കി ദേശ സ്നേഹികളും ഉത്തമ പൗരന്മാരുമാക്കി മാററുകയെന്നതായിരിക്കണം പൊതു ലക്ഷ്യം. യുവജനക്ഷേമ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഗവൺമെൻറ് ഏജൻസികളും സന്നദ്ധ സംഘടനകളും പരസ്പരം സഹകരിച്ചും സഹായിച്ചും ഏകോപിത ലക്ഷ്യത്തോടെ മുന്നോട്ടു പോയെങ്കിലേ വിജയം കൈവരിക്കാനാവു.

---

തയ്യാറാക്കിയത് : കെ. എ. കെ. ഉണ്ണിത്താൻ

സി. എം. എഫ്. ആർ. ഐ. ഡയറക്ടർക്കു വേണ്ടി കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ഓഫീസർ ഇൻചാർജ് പ്രസിദ്ധീകരിക്കുന്നത്.

അച്ചടി : എസ്.കെ. എൻറർ പ്രൈസസ് കൊച്ചിൻ-18

ർദ്ധനരായ ഗ്രാമീണരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നിങ്ങ
നെ മൂന്നു ലക്ഷ്യങ്ങളോടെയാണ് കൃഷിവിജ്ഞാന കേന്ദ്രങ്ങൾ പ്രവർ
ത്തിക്കുന്നത്. സ്വയം തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കുന്ന പ്രസ്ഥാന
മായതുകൊണ്ട് പരിശീലനം നേടുന്നവർക്ക് സർട്ടിഫിക്കററുകളൊന്നും
കൊടുക്കാറില്ല.

ഇപ്പോൾ ഇൻഡ്യയിൽ മൊത്തം 89 കൃഷിവിജ്ഞാന കേന്ദ്രങ്ങളുണ്ട്.
ഇവ ഐ. സി. എ. ആർ. സ്ഥാപനങ്ങൾ, കാർഷിക സർവകലാശാലകൾ,
സംസ്ഥാന കൃഷി വകുപ്പുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയു
ടെ കീഴിലായിട്ടാണു പ്രവർത്തിക്കുന്നത്.

## ഞാറയ്ക്കൽ കൃഷി വിജ്ഞാന കേന്ദ്രം

കടൽ വിഭവങ്ങളുടെ കൃഷിരീതികൾ പ്രചരിക്കാനായി 1976 സിസം
ബർ മുതൽ എറണാകുളം ജില്ലയിലെ വൈപ്പിൻകരയിലുള്ള ഞാറയ്ക്ക
ലിൽ ഒരു കൃഷിവിജ്ഞാനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഐ. സി.
എ. ആർ. ഭരണത്തിൻ കീഴിലുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസേർ
ച്ച് ഇൻസ്ററിററ്യൂട്ടിനോടനുബന്ധിച്ചാണ് ഈ കേന്ദ്രം സ്ഥാപിച്ചിട്ടു
ള്ളത്.

ഞാറയ്ക്കൽ കൃഷിവിജ്ഞാന കേന്ദ്രത്തിൽനിന്ന് ഇതേവരെ രണ്ടായി
രത്തി അഞ്ഞൂറോളം യുവതിയുവാക്കന്മാർ പരിശീലനം നേടിയിട്ടുണ്ട്.
ഇവരിൽ പകുതിയോളം പേർ പട്ടികജാതി—പട്ടികവർഗങ്ങളിൽ പെട്ടവരാ
ണ്. തൽക്കാലം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചില ജില്ലകളിൽമാത്രം പ്ര
വർത്തിച്ചുവരുന്ന കൃഷിവിജ്ഞാന കേന്ദ്രങ്ങൾ രണ്ടായിരമാണ്ടാകുമ്പോഴേ
ക്കും ഓരോ ജില്ലയിലും മൂന്നെണ്ണം വീതം ഉണ്ടായിരിക്കണമെന്നാണ് ഇൻ
ഡ്യൻ കാർഷികഗവേഷണ സമിതി പ്രതീക്ഷിക്കുന്നത്.

## ചെമ്മീൻ കൃഷി

വൈപ്പിൻ കരയിലേയും പരിസര പ്രദേശങ്ങളിലേയും ഭൂപ്രകൃതി
യും വിഭവശേഷിയും കണക്കിലെടുത്ത് തൽക്കാലം ചെമ്മീൻകൃഷി പ്ര
ചരിപ്പിക്കാനാണ് ഇവിടെ ശ്രദ്ധിച്ചു വരുന്നത്. പഴയ രീതിയിലുള്ള
ചെമ്മീൻകെട്ടു നടത്തുന്ന സ്ഥലങ്ങളിൻ പുതിയ രീതിയിലുള്ള ശാസ്
ത്രീയ ചെമ്മീൻ കൃഷി നടപ്പാക്കുകയും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന
സ്ഥലങ്ങൾ അതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്യാനുള്ള സാ
ങ്കേതിക മാർഗങ്ങളാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. നിലത്തിലുള്ള
ജീവികളെയെല്ലാം നശിപ്പിച്ചശേഷം നല്ല വിലകിട്ടുന്ന ഇനങ്ങളിൽപ്പെട്ട നാ
രൻ ചെമ്മീനിന്റെയോ കാര ചെമ്മീനിന്റെയോ കുഞ്ഞുങ്ങളെ മാത്രം നി
ലങ്ങളിലിട്ട് വിപണന യോഗ്യമായ വലുപ്പമെത്തുന്നതുവരെ വളർത്തി
യെടുക്കുന്ന രീതിയാണ് ശാസ്ത്രീയകൃഷി. ഈ സമ്പ്രദായം പ്രചാര
ത്തിൽ വരുന്നതോടെ ചെറുപ്പകാരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന്
ഏറെക്കുറെ പരിഹാരംകാണാനും ചെമ്മീൻ ഉൽപാദനം ഗണ്യമായി വർ
ദ്ധിപ്പിക്കുന്നതു വഴി അനേകം കുടുംബങ്ങൾക്ക് ഉപജീവനം നൽകുക
യും സർവ്വോപരി, നാടിന് വിദേശനാണ്യം നേടിത്തരുകയും ചെയ്യുന്ന
ചെമ്മീൻ വ്യവസായത്തെ കൂടുതൽ വളർത്താനും സാധിക്കും.

മുള്ളവരെക്കൊണ്ടേ പററൂകയുള്ളു. പണമോ കൃഷിഭൂമിയോ ഇല്ലാത്തവർക്കു് അവരവരുടെ ഗ്രാമങ്ങൾ തന്നെയാണ് ആശ്രയം നൽകേണ്ടത്.

പുതിയ പുതിയ മാററങ്ങൾ സ്വായത്തമാക്കാനുള്ള പ്രവണത യുവജനങ്ങളിലാണ് കൂടുതലായി കണ്ടുവരുന്നത്. കൂട്ടായി പ്രവർത്തിക്കുവാനും പൊതുജനോപകാരപ്രദമായ കാര്യങ്ങളിൽ അർപ്പണ മനോഭാവത്തോടെ പങ്കെടുക്കാനും അവർ അസാധാരണമായ ഉൽസാഹമാണു കാണിക്കുന്നത്. ഈ സ്വാഭാവ വിശേഷമുള്ളതുകൊണ്ട് പുരോഗമനപരമായ കർമ്മ പരിപാടികൾ ഏററവും എളുപ്പത്തിലും ഫലപ്രദമായും നടപ്പാക്കാൻ സാധിക്കുക യുവജനങ്ങളിൽ കൂടിയാണ്.

## കൃഷി വിജ്ഞാന കേന്ദ്രങ്ങൾ

ഗ്രാമങ്ങളിലെ പ്രശ്നങ്ങൾക്കു് ഗ്രാമതലത്തിൽ തന്നെ പരിഹാരം കാണേണ്ടതുണ്ട്. പ്രദേശികമായി നിലവിലുള്ള വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുക വഴിയാണ് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. ഗ്രാമങ്ങളിലെ തൊഴിൽ പ്രധാനമായും കൃഷി സംബന്ധവും മററു തൊഴിലവസരങ്ങൾ പരിമിതവുമാണ്. അതുകൊണ്ട് നിലവിലുള്ള വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി പല ദിശകളിലൂടെ തൊഴിലവസരങ്ങൾ കഴിയുന്നത്ര വർദ്ധിപ്പിക്കാനുള്ള ശ്രമമാണു നടത്തേണ്ടത്. അതിനായി അതാതുകാല ദേശാവസ്ഥകൾക്കനുസൃതമായ വിദഗ്ധ തൊഴിലുകൾ ഏതൊക്കെയാണെന്നു കണ്ടെത്തി അവ പരിശീലന പരിപാടികൾ വഴി ഗ്രാമീണ ജനങ്ങളിലേക്കു പകർന്നു കൊടുക്കുകയാണു വേണ്ടത്. ഈ ആശയം മുന്നിൽ കണ്ടുകൊണ്ട് കേന്ദ്ര കൃഷി വകുപ്പിന്റെ കീഴിലുള്ള ഭാരത കാർഷിക ഗവേഷണ സമിതി (ഐ. സി. എ. ആർ) ആവിഷ്കരിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണ് കൃഷിവിജ്ഞാന കേന്ദ്രം.

നിരക്ഷരരായ ജനങ്ങൾക്കുകൂടി പ്രയോജനം വരത്തക്ക രീതിയിൽ 'പ്രവൃത്തിയിലൂടെ പഠനം' എന്നതാണ് കൃഷിവിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനശൈലി. ഓരോ ഗ്രാമത്തിലേയും ജനങ്ങൾക്ക് അതാതു സ്ഥലത്തു നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് തൊഴിലവസരങ്ങൾ തെരഞ്ഞെടുക്കാനും പരിശീലനാനന്തരം അവ നേരിട്ടു പ്രാവർത്തികമാക്കി വരുമാനം വർദ്ധിപ്പിക്കാനുമുതകുന്ന തരത്തിലുള്ളതാണ് പരിശീലന പരിപാടികൾ. പരിശീലന പരിപാടികളിലും മററു വികസന പ്രവർത്തനങ്ങളിലും സ്ത്രീകൾക്കു പ്രത്യേക പരിഗണന കൊടുക്കുന്നുണ്ട്. ഗ്രാമീണ ജീവിതത്തിൽ, പ്രത്യേകിച്ച് കൃഷി കാര്യങ്ങളിൽ സ്ത്രീകൾ വഹിച്ചുപോരുന്ന മഹത്തായ പങ്ക് കണക്കിലെടുത്താണ് ഈ പരിഗണന.

ഭക്ഷ്യധാന്യങ്ങൾ, പഴവർഗങ്ങൾ, പച്ചക്കറികൾ, മററു കാർഷിക വാഭവങ്ങൾ തുടങ്ങിയവയുടെ ഉൽപാദന രംഗത്തും, മൽസ്യം വളർത്തൽ, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ തുടങ്ങി മൃഗസംരക്ഷണ രംഗത്തെ വിവിധ മേഖലകളിലും വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയ സാങ്കേതിക വിദ്യകളാണ് കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ പാഠ്യവിഷയങ്ങളാക്കിയിട്ടുള്ളത്. ഉൽപാദനം വർദ്ധിപ്പിക്കുക, തൊഴിൽപരിചയമുണ്ടാക്കുക, നി

# ചെ ..ീൻകൃഷി: പുതിയ രീതി

ഉള്ള ഒരേക്കറോ നടക്ക പരമ്പരാഗതമായ സമ്പ്രദായത്ത

ക്കാൾ കൂടുതൽ ലാഭകരമായ ശാസ്ത്രീയ ചെമ്മീൻകൃഷിരീതി കേന്ദ്ര കടൽമത്സ്യ ഗവേഷണ സ്ഥാപനം

(സി.എം.എഫ്.ആർ.ഐ.) വികസിപ്പിച്ചെടുത്തു നടപ്പാക്കിവരുകയാണ്.

വ്യാവസായിക... യ നാരൻ ചെമ്മീ... ചെമ്മീനിന്റേയ... മാത്രം നിലങ്ങളി... ളെ കുളിപ്പ് കാല... ഒന്നിച്ച് പിടിക്ക... ണിന്റെ. ഇവിടെ... നാരൻ കൃഷിയാണ്... യോഗികം.

കുഞ്ഞുങ്ങളെ ... യി നിലത്തിലെ ... നശിപ്പിക്കണം. ... അടിത്തട്ട് ഉണ... പരമാവധി ... ത്തെ ... ഗ്രാം.



## ശ്രദ്ധിക്കുക!

...യിലെ സമുദ്രോൽപന്ന കയറ്റുമതി ... അതോറിറ്റി ചെമ്മീൻ കുഞ്ഞുങ്ങളെ സംഭ...തിനുള്ള ഒരു സബ്സിഡി പദ്ധതി എറ...ളം ജില്ലയിൽ ആവിഷ്കരിച്ചിരിക്കുന്നു. ചെ...ൻ കുഞ്ഞുങ്ങളെ പിടിക്കുന്നതിനും സംഭരിക്കു...തിനും കൊണ്ടുവന്ന് ഏൽപിക്കുന്നതിനും അർഹ...എന്ന ചെറുപ്പാടുകാരം ഉള്ളവർക്ക് ഈ പദ്ധതി ...പ്രയോജനപ്പെടുത്തുവാൻ അപേക്ഷിക്കാവുന്നതാ...ണ്. താൽപര്യമുള്ളവർ വെള്ളക്കടലാസിൽ പൂർണ ...വിവരവും പരിചയവും കാണിച്ച് സെപ്റ്റംബർ ...ാം തീയതിക്കു മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ ...ി.ഇ.ഡി.എ. റീജനൽ ഓഫീസ് (പി.എഫ്.) ...ടി.ഡി. റോഡ് കൊച്ചി-682 011 ... അയച്ചിരിക്കണം.

# ചെമ്മീൻകൃഷിക്ക് 135 കോടിയുടെ വൻ പദ്ധതി

1985 ...

തിരുവനന്തപുരം: ലോക ബാങ്കിന്റെ സഹായത്തോടെ അഞ്ചുവർഷത്തിനകം നടപ്പാക്കുന്നതിനു 135 കോടി രൂപയുടെ ചെമ്മീൻ കൃഷി വികസന പദ്ധതി സംസ്ഥാന ഗവൺമെന്റ് ... കേന്ദ്രത്തിനു ... ക്ടറിൽ പുതു... ഷി നടത്ത... താക...

## സഹ...

135 ...

ലാല്യശ്ശേരി: ... ലിൽ നാരൻ ... കുളത്തിൽ ... ധനം ... യാക്കണം...